**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3216</u>** **<u>26-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. ജെ. വിനോദ്</th><th colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നത് കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിട്ടില്ല.</td></tr>
<tr><td>(ബി)</td><td>01.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), സെക്കൻഡ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>01/06/2024 തീയതി പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>തസ്തിക</td><td>ഒഴിവ</td></tr>
<tr><td>എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)</td><td>11</td></tr>
<tr><td>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)</td><td>12</td></tr>
<tr><td>അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)</td><td>58</td></tr>
<tr><td>ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)</td><td>31</td></tr>
<tr><td>സെക്കന്റ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)</td><td>19</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രസ്തുത ഒഴിവുകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ എണ്ണവും ആയത് പ്രബല്യത്തിൽ വന്ന തീയതികളും അറിയിക്കാമോ; ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?</td><td>(സി)</td><td>01/06/2024-ൽ നിലവിൽ വന്ന വിരമിക്കൽ ഒഴിവും സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിന്റെ ഫലമായി വന്ന 3 ഒഴിവുകളും അടക്കം 14 എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒഴിവുകൾ 12.06.2024-ലെ സ.ഉ(സാധാ) നം.575/2024/പൊ.മ.വ ഉത്തരവ് പ്രകാരം നികത്തിയിട്ടുണ്ട്. 01/06/2024-ൽ നിലവിൽ വന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ 12 ഒഴിവുകളും എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതുവഴി വന്ന ഒഴിവുകളടക്കം 24 ഒഴിവുകൾ 14.06.2024-ലെ</td></tr>
</table>

സ.ഉ(സാധാ)നം.590/2024/പൊ.മ.വ ഉത്തരവ് പ്രകാരവും നികത്തിയിട്ടുണ്ട്.

സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട തസ്തികകളിലെ ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>അസിസ്റ്റന്റ് എഞ്ചിനീയർ</u>

| ഒഴിവുകൾ പ്രാബല്യത്തിൽ വന്ന തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|
| 12.12.2023 | 9 |
| 04.01.2024 | 1 |
| 01.02.2024 | 2 |
| 10.02.2024 | 1 |
| 01.03.2024 | 3 |
| 01.04.2024 | 1 |
| 01.05.2024 | 4 |
| 01.06.2024 | 12 |
| ആകെ | 33 |

അസിസ്റ്റന്റ് എഞ്ചിനീയർ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

<u>ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ</u>

| ഒഴിവുകൾ പ്രാബല്യത്തിൽ വന്ന തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|
| 01.04.2024 | 1 |
| 01.05.2024 | 4 |
| 01.06.2024 | 12 |
| ആകെ | 17 |

<u>സെക്കന്റ് ഗ്രേഡ് ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ</u>

| ഒഴിവുകൾ പ്രാബല്യത്തിൽ വന്ന തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|
| 09.04.2024 | 1 |
| 01.05.2024 | 1 |
| 01.06.2024 | 2 |
| ആകെ | 4 |

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ